**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**
(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN:U40100KL2011SGC027424
രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.
ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ poksebgmail.com

നം. പി.എസ്.1 (ബി)/ സാമൂഹ്യമാധ്യമങ്ങൾ/നിയന്ത്രണം/2026 തീയതി: 31.03.2026

# പരിപത്രം

വിഷയം : KSEBL ജീവനക്കാരുടെ സാമൂഹ്യമാധ്യമങ്ങളിലെ ഇടപെടലുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന : 1. 29.09.2018 ലെ ഇ.ബി.7/ജനറൽ/സാമൂഹ്യമാധ്യമങ്ങൾ/നിബന്ധനകൾ/2018 നമ്പർ പരിപത്രം.
2. 25.05.2020 ലെ പി.എസ്.1 (ബി)/ സാമൂഹ്യമാധ്യമങ്ങൾ/നിയന്ത്രണം/2020 നമ്പർ പരിപത്രം.
3. KSEBL വിജിലൻസ് വിഭാഗത്തിന്റെ വിജി./ബി4/100-387/2025 നമ്പർ അന്വേഷണ റിപ്പോർട്ടിനെ ആധാരമാക്കിയുള്ള ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ഉത്തരവ്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (KSEBL) എന്ന പൊതു മേഖലാസ്ഥാപനത്തിലെ ഉത്തരവാദിത്വമുള്ള ജീവനക്കാർ എന്ന നിലയിൽ സാമൂഹ്യ മാധ്യമങ്ങളിലെ ഇടപെടലുകളിൽ മാതൃസ്ഥാപനത്തോടുള്ള പ്രതിബദ്ധതയും , മിതത്വവും സംസ്കാരവും അന്തസ്സും കാത്തു സൂക്ഷിക്കുവാൻ നമ്മൾ ബാധ്യസ്ഥരാണ്. എന്നാൽ KSEBL ലെ ചില ജീവനക്കാർ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നയങ്ങളേയും KSEBL ന്റെ പ്രവർത്തനങ്ങളെയും നിശിതമായി വിമർശിച്ചുകൊണ്ടും, ജനപ്രതിനിധികൾ, രാഷ്ട്രീയ നേതൃത്വം, മേലുദ്യോഗസ്ഥർ എന്നിവരെയടക്കം ഔദ്യോഗികമായും വ്യക്തിപരമായും അപകീർത്തിപ്പെടുത്തിക്കൊണ്ടും, അധിക്ഷേപിച്ചുകൊണ്ടും വിവിധ സാമൂഹ്യമാധ്യമങ്ങൾ വഴി പ്രചാരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ഇത്തരം പെരുമാറ്റം , KSEBL ന് ബാധകമായിട്ടുള്ള 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ (ഗവൺമെന്റ് സർവന്റ്സ് കണ്ടക്ട് റൂൾസ് 1960) 60 മുതൽ 62 വരെയുള്ള ചട്ടങ്ങളുടെ ലംഘനമായി കണക്കാക്കി അത്തരക്കാർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്ന്, സൂചന (1), (2) എന്നിവ പ്രകാരം നേരത്തേ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്.

എങ്കിലും ചില ജീവനക്കാർ KSEBL ലെ ജോലിയുമായി ബന്ധപ്പെടുത്തി സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്നതായും, വ്യംഗ്യാർത്ഥ പ്രയോഗത്തിലൂടെ KSEBL ന്റെ സൽപേരിന് കളങ്കമുണ്ടാക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ , സോഷ്യൽ മീഡിയ പ്രഭാവം വർദ്ധിച്ചു വരുന്ന , ഈ കാലഘട്ടത്തിൽ സാമൂഹ്യ മാധ്യമങ്ങളിൽ മിതത്വം പാലിക്കേണതിന്റെ ആവശ്യകത ഒരിക്കൽകൂടി ഓർമ്മപ്പെടുത്തുന്നതോടൊപ്പം, പ്രസ്തുത നിർദ്ദേശങ്ങൾ ഉല്ലംഘിക്കുന്നവർക്കെതിരെ മേൽപറഞ്ഞ പെരുമാറ്റ ചട്ടങ്ങൾക്ക് അനുസൃതമായി കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്ന് , സൂചന (3) പ്രകാരമുള്ള ബഹു.ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ , ഇതിനാൽ അറിയിക്കുന്നു.

സജീവ്. ഇ.പി
സെക്രട്ടറി (ഭരണം)

പകർപ്പ്: എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ/ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു ചെയർ മാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (എച്ച്.ആർ.എം, സ്റ്റോർട്സ്, വെൽഫയർ, സേഫ്റ്റി & ക്വാളിറ്റി അഷ്വറൻസ്)/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & എസ്.സി.എം)/ ടി. എ ടു ഡയറക്ടർ (ജനറേഷൻ - ഇലക്ട്രിക്കൽ, റീസ്, സൗര)/ ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ & എസ്.ഒ എൾ അഡീഷണൽ ചാർജ്ജ്)/എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) /പി. എ ടു ഡയറക്ടർ (ഫിനാൻസ്) /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ലൈബ്രറി/സ്റ്റോക്ക് ഫയൽ.